12784
9/6/17



**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **തിരുവനന്തപുരം ജില്ല** - മാസ്റ്റർ ജെറിയുടെ ചികിത്സയ്ക്ക് ആശുപത്രിയ്ക്ക് ചെലവായ തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത് നം):173 /2017/റവ. തിരുവനന്തപുരം, തീയതി, 02.06 .2017

========================================================================

പരാമർശം :- 05.08.2016 ലെ സ.ഉ.(കയ്യെഴുത്ത് നം): 443 /2016/റവ.

## ഉത്തരവ്

കളത്തുർ വില്ലേജിൽ വലിയതോപ്പ് ,പൊഴിയൂർ ജോർജ് ഹൗസിൽ മാസ്റ്റർ ജെറിയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ നൽകിയതിന്റെ 3,79,060/- (മൂന്ന് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുപത് രൂപ) രൂപയുടെ ബില്ലുകൾ സർക്കാർ അംഗീകരിച്ചും ടി തുക ആശുപത്രിയ്ക്ക് നൽകുന്നതിന് **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ആവശ്യത്തിന് വേണ്ടി വരുന്ന **3,79,060/-(മൂന്ന് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുപത് രൂപ) രൂപ** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക കിംസ് ആശുപത്രിയ്ക്ക് നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
പൊതുഭരണ(എസ് സി) വകുപ്പ്(ക്യാബിനറ്റ് തീരുമാനം ഇനം നം. 1068 തീയതി..31.05.2017)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

(12)

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 31-05-2017

ഫയൽ നം.19871/ഡി.ആർ.എഫ്-എ1/2017/റവ. ഇനം നം: 1068

വിഷയം : റവന്യു വകുപ്പ് - കുളത്തൂർ വില്ലേജിൽ വലിയതോപ്പ്, പൊഴിയൂർ, ജോർജ്ജ് ഹൗസിൽ മാസ്റ്റർ ജെറിയുടെ ചികിത്സയുമായി ബന്ധപ്പെട്ട ആശുപത്രി ബില്ലുകൾ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. പ്രസ്തുത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

(13) Vide orders above, Draft G/O ~~Put up for~~ approval of ASC

1/6/17.

1/6

1/6/17

A-C.S.

1068

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 19871/ഡിആർഎഫ് എ1/2017/റവ |
| 2 | വകുപ്പ് | : റവന്യൂ (ഡിആർഎഫ്എ) വകുപ്പ് |
| 3 | വിഷയം | : കുളത്തൂർ വില്ലേജിൽ വലിയതോപ്പ്, പൊഴിയൂർ. ജോർജ്ജ് ഹാനിത് മാസ്റ്റർ ജെറിന്റെ ചികിത്സയുമായി ബന്ധപ്പെട്ട ആശുപത്രി ബില്ലുകൾ അംഗീകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 08/05/2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിൻെറ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ. സന്തോഷ് കുമാർ.ടി.കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പി എച്ച്. കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 15.05.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 23.05.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 24.05.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.05 .2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കുളത്തൂർ വില്ലേജിൽ വലിയതോപ്പ്,പൊഴിയൂർ ജോർജ് ഹൗസിൽ മാസ്റ്റർ ജെറിയുടെ ചികിത്സയുമായി ബന്ധപ്പെട്ട ആശുപത്രി ബില്ലുകൾ അംഗീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

മാസ്റ്റർ ജെറിയ്ക്ക് തീപൊള്ളലേറ്റതിനെ തുടർന്നുള്ള ചികിത്സ കിംസ് ഹോസ്പിറ്റലിൽ സർക്കാർ ചെലവിൽ തുടരുവാൻ സ.ഉ (കയ്യെഴുത്ത്) നം 443/16/റവ, തീയതി. 5.8.16 പ്രകാരം ഉത്തരവായിരുന്നു.

മാസ്റ്റർ ജെറിയ്ക്ക് കിംസ് ആശുപത്രിയിൽ ചികിത്സ നൽകിയതിന്റെ 3,79,060 രൂപയുടെ ആശുപത്രി ബില്ലുകൾ തിരുവനന്തപുരം ജില്ലാ കളക്ടർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഫയൽ മുഖ്യമന്ത്രിയ്ക്ക് ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ, മന്ത്രി സഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കുളത്തൂർ വില്ലേജിൽ വലിയതോപ്പ്,പൊഴിയൂർ ജോർജ് ഹൗസിൽ മാസ്റ്റർ ജെറിയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ നൽകിയതിന്റെ 3,79,060 രൂപയുടെ (മൂന്നു ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുപത്) ബില്ലുകൾ അംഗീകരിച്ച് ആശുപത്രിയ്ക്ക് തുക നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവാദം നൽകാമോ?